**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 113** **07-02-2023 - ല്‍ മറുപടിയ്ക്ക്**

**വിഴിഞ്ഞം തീരശോഷണം പഠിക്കാന്‍ സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിന്‍സെന്റ് ,<br>ശ്രീ സി ആര്‍ മഹേഷ്,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. അഹമ്മദ് ദേവര്‍കോവില്‍<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തീരശോഷണം പഠിക്കുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്.<br><br>താഴെ പറയുന്ന വിഷയങ്ങളാണ് സമിതി പഠന വിധേയമാക്കുന്നത്.<br><br>1. വിഴിഞ്ഞം തുറമുഖത്തിന്റെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ ആരംഭിച്ചതിനുശേഷം അതിന്റെ സ്വാധീന മേഖലയില്‍ തീരശോഷണം സംഭവിക്കുന്നുണ്ടോ? ഉണ്ടെങ്കില്‍ അതിന്റെ കൃത്യമായതും സുപ്രധാനവുമായ കാരണങ്ങള്‍ കണ്ടെത്തി ഉചിതമായ പരിഹാര മാര്‍ഗ്ഗങ്ങള്‍ നിര്‍ദ്ദേശിക്കുക.<br><br>2. മത്സ്യബന്ധന പ്രവര്‍ത്തനങ്ങള്‍ക്കോ കടലിന്റെ ആവാസവ്യവസ്ഥയ്ക്കോ നാവിഗേഷന്‍ ചാനലിനോ തുറമുഖ നിര്‍മ്മാണം മൂലം ഏതെങ്കിലും തരത്തിലുള്ള പ്രത്യാഘാതങ്ങള്‍ സ്വാധീന മേഖലയില്‍ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ഉണ്ടെങ്കില്‍ ഉചിതമായ പരിഹാരം നിര്‍ദ്ദേശിക്കുകയും ചെയ്യുക.<br><br>3. ടി വിഷയവുമായി ബന്ധപ്പെട്ട കക്ഷികളുമായി ആവശ്യമുള്ളപക്ഷം വേണ്ട ആശയവിനിമയം നടത്തുക.<br><br>കരട് റിപ്പോര്‍ട്ട് 4 മാസത്തിനുള്ളിലും അന്തിമ റിപ്പോര്‍ട്ട് 6 മാസത്തിനുള്ളിലും സമര്‍പ്പിക്കണമെന്നാണ് സമിതിക്ക് കൊടുത്തിട്ടുള്ള നിര്‍ദ്ദേശം. |
| (ബി) | പ്രസ്തുത സമിതി പഠനവിധേയമാക്കുന്ന കാര്യങ്ങള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്.<br><br>താഴെ പറയുന്ന വിഷയങ്ങളാണ് സമിതി പഠന വിധേയമാക്കുന്നത്. |

| | | | |
|---|---|---|---|
| | സമിതിയുടെ പഠന റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുമെന്ന് അറിയിക്കുമോ; | | 1. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതിനുശേഷം അതിന്റെ സ്വാധീന മേഖലയിൽ തീരശോഷണം സംഭവിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ കൃത്യമായതും സുപ്രധാനവുമായ കാരണങ്ങൾ കണ്ടെത്തി ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.<br><br>2. മത്സ്യബന്ധന പ്രവർത്തനങ്ങൾക്കോ കടലിന്റെ ആവാസവ്യവസ്ഥയ്ക്കോ നാവിഗേഷൻ ചാനലിനോ തുറമുഖ നിർമ്മാണം മൂലം ഏതെങ്കിലും തരത്തിലുള്ള പ്രത്യാഘാതങ്ങൾ സ്വാധീന മേഖലയിൽ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ഉണ്ടെങ്കിൽ ഉചിതമായ പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക.<br><br>3. ടി വിഷയവുമായി ബന്ധപ്പെട്ട കക്ഷികളുമായി ആവശ്യമുള്ളപക്ഷം വേണ്ട ആശയവിനിമയം നടത്തുക.<br><br>കരട് റിപ്പോർട്ട് 4 മാസത്തിനുള്ളിലും അന്തിമ റിപ്പോർട്ട് 6 മാസത്തിനുള്ളിലും സമർപ്പിക്കണമെന്നാണ് സമിതിക്ക് കൊടുത്തിട്ടുള്ള നിർദ്ദേശം. |
| (സി) | തീരശോഷണം പഠിക്കേണ്ട പ്രദേശങ്ങൾ സംബന്ധിച്ച വിവരങ്ങൾ സർക്കാർ സമിതിയെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | തുറമുഖ നിർമ്മാണത്തിന്റെ സ്വാധീന മേഖലയിൽ ഉൾപ്പെട്ട വരുന്ന മുഴവൻ സ്ഥലങ്ങളിലെയും തീരശോഷണം പഠിക്കണമെന്നാണ് വിദഗ്ദ്ധ സമിതിക്ക് നൽകിയ നിർദ്ദേശം. സ്വാധീന മേഖല എവിടെ വരെയാണ്, ഏതൊക്കെയാണ് എന്നുള്ളത് വിദഗ്ധ സമിതി പരിശോധിച്ച് നിർണ്ണയിക്കുന്നതാണ്. |
| (ഡി) | സമിതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (ഡി) | വിദഗ്ദ്ധ സമിതിയുടെ ആദ്യഘട്ട യോഗം 19-01-2023 ന് ചേരുകയുണ്ടായി. നിലവിൽ വിദഗ്ദ്ധ സമിതി പഠന വിഷയവുമായി ബന്ധപ്പെട്ട് ലഭ്യമായ റിപ്പോർട്ടുകളും രേഖകളും പരിശോധിച്ച് വരുകയാണ്. |

സെക്ഷൻ ഓഫീസർ